മെഡിക്കൽകാളേജ് വിദ്യാർത്ഥികളുടെ പഠിപ്പുമുടക്ക്.

* 802. [24] ശ്രീ.പി.എം.കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ തിരുമല ദേവസ്വം മെഡിക്കൽ കാളേജിലെ വിദ്യാർത്ഥികളും ഒരു കൂട്ടിയിരുപ്പുസത്യാഗ്രഹം നടത്തിയോ ;

(ബി) എന്തിനുവേണ്ടി; ഗവണ്മെന്റ് ഇതിൽ എന്തു നടപടി എടുത്തു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) നടത്തി.

(ബി) ട്യൂഷൻഫീസ് മുതലായവ കുറച്ചു കിട്ടുന്നതിനുവേണ്ടി. തിരുമല ദേവസ്വം മെഡിക്കൽകാളേജിലെ ട്യൂഷൻഫീസ് പ്രതിവർഷം 1000 രൂപയാക്കിയും ബാക്കിയുള്ള ഫീസുകൾ 250 രൂപയായും കുറയ്ക്കണമെന്നുള്ള ഒരു തീരുമാനം യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ 28-2-64-ൽ കൂടിയ മീറ്റിംഗിൽ എടുത്തിട്ടുണ്ട്. ഈ തീരുമാനം യൂണിവേഴ്സിറ്റി കാളേജധികൃതരെ അറിയിക്കുന്നുണ്ട്.

സീഡ്ഫാം.

* 803. [25] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ എവിടെയെല്ലാം സീഡ്ഫാംസ് നിലവിലുണ്ട്, എത്ര ഏക്കർവീതം നെൽകൃഷിക്കുപയോഗപ്പെടുത്തുന്നു ;

(ബി) കാലിതീറ്റി, കൂലി, വളം, വിത്ത്, പണിയായുധങ്ങൾ കൊയ്ത്തുകൂലി, ഫെൻസിംഗ്, സസ്യസംരക്ഷണം എന്നീ ഇനത്തിൽ ഓരോ ഫാമിലും ഈ കൊല്ലം എത്ര ചിലവുവന്നു ;

(സി) ഉദ്യോഗസ്ഥശമ്പളം, അലവൻസ്, മറ്റുചെലവുകൾ, കെട്ടിട സംരക്ഷണ ചെലവ് എന്നീ ഇനങ്ങളിൽ ഈ കൊല്ലം ഓരോ ഫാമിലും എത്ര ചെലവു ചെയ്തു ;

(ഡി) ഓരോ ഫാമത്തിലും ഈ കൊല്ലത്തെ ഓരോ വിളയിലും ഉല്പാദിപ്പിച്ച നെല്ല് എത്ര വീതം ;

(ഈ) ഓരോ ഫാമത്തിലെയും ലാഭനഷ്ടക്കണക്കുകൾ മേശപ്പുറത്തു വെയ്ക്കുമോ ?

കൃഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട്. †

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട് †

(ഈ) വിവരം ശേഖരിച്ചുവരുന്നു.

† Appendix III

LIBRARY ARCHIVES Kerala Legislative Assembly